പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1751 17-06-13 ൽ മറുപടിക്ക്

# അനധികൃത സ്പിരിറ്റു കടത്ത്

ചോദ്യം:

ശ്രീ. പി. ഉബൈദുള്ള

ഉത്തരം:

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും
എക്സൈസും വകുപ്പു മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | ചെക്ക് പോസ്റ്റുകളിലൂടെ അനധികൃത സ്പിരിറ്റു കടത്ത് വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | അനധികൃത സ്പിരിറ്റ് കടത്ത് വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇതു സംബന്ധിച്ച് എക്സൈസ് വകുപ്പിന്റെ ഇന്റലിജൻസ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | എക്സൈസ് ഇന്റലിജൻസ് ബ്യൂറോയുടെ പ്രതിമാസ അവലോകന റിപ്പോർട്ടുകളിൽ, ചെക്ക്പോസ്റ്റുകൾ വഴി ആഡംബര വാഹനങ്ങളിൽ സ്പിരിറ്റ് കടത്തുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത റിപ്പോർട്ട് കണക്കിലെടുത്ത് സ്പിരിറ്റ് മാഫിയകളെ നിയന്ത്രിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ; | (സി) | സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | ഇതിനായി ഹൈവേ പട്രോളിങ്ങും അതിർത്തി പട്രോളിംഗും ശക്തിപ്പെടുത്തുമോ? | (ഡി) | ഹൈവേ പട്രോളിങ്ങും, 24 മണിക്കൂറും പ്രവർത്തിക്കുന്ന അതിർത്തി പട്രോളിംഗും ശക്തിപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ